**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1726 — **01.11.2019 ൽ** മറുപടിക്ക്

## ശാസ്താംപാറയിൽ പ്രവേശന പാസ്സ് ഏർപ്പെടുത്തൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | ഗ്രാമീണ ടൂറിസം കേന്ദ്രമായ തിരുവനന്തപുരത്തെ ശാസ്താംപാറ യിൽ ഓണം വാരാഘോഷത്തോട-നുബന്ധിച്ച് പ്രവേശന പാസ്സ് ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ എത്ര രൂപയായിരുന്നു ആളൊന്നിന് ഈടാക്കിയിരുന്നത്; | എ) ഏർപ്പെടുത്തിയിരുന്നു. ആളൊന്നിന് 10/- രൂപ നിരക്കിലാണ് പ്രവേശന പാസ് ഏർപ്പെടുത്തിയത്. |
| ബി | ഇപ്രകാരം പ്രവേശന പാസ്സ് ഏർപ്പെടുത്തിയത് ആരുടെ നിർദ്ദേശ പ്രകാരമായിരുന്നു; പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ അനുമതി ഇക്കാര്യത്തിന് ലഭിച്ചിരുന്നുവോ; | ബി) ശാസ്താംപാറ ഓണം വാരാഘോഷം മുൻവർഷങ്ങളിലെ പോലെ സംഘാടക സമിതിയുടെ നേതൃത്വത്തിൽ നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാന മെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശാസ്താംപാറ ഓണാഘോഷക്കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് പാസ് ഏർപ്പെടുത്തിയത്. പാസ് ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനമെടുത്തില്ല. |
| സി | സർക്കാർ മുദ്ര പതിപ്പിച്ച പ്രവേശന പാസ്സ് അനധികൃതമായി നൽകി ലക്ഷങ്ങൾ പിരിച്ച സംഭവത്തെ-ക്കുറിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ-യാണ് എന്ന് വെളിപ്പെടുത്തുമോ? | സി) വിളപ്പിൽ ഗ്രാമപഞ്ചായത്ത് ശാസ്താംപാറ ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് ഗ്രാമ പഞ്ചായത്തിന്റെ പേരിൽ വ്യാജകൂപ്പണുകൾ അടിച്ച് വിതരണം നടത്തി പണപ്പിരിവ് നടത്തിയതായി ഒരു പരാതി പഞ്ചായത്തിൽ ലഭിച്ചിരുന്നു. ടി പരാതി പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും തുടർന്ന് ടി പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി പഞ്ചായത്ത് ഭരണസമിതി യിലെ തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി സബ്കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നിശ്ചിത സമയത്തിനകം സബ്കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ പരാതിയിൻമേൽ |

| | | |
|---|---|---|
| | | അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത പരാതി 30.10.2019-ാം തീയതി വിളപ്പിൽശാല പോലീസ് സബ് ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**